(ഫ) കമ്മീഷൻ ഇല്ലാ.

(ബ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അധഃകൃത വിദ്യാർത്ഥികൾക്കു പുസ്തകം മുതലായവ സപ്ലൈ ചെയ്ത വകയിൽ ൬,൪൦൦ ഉറുപ്പിക കൊടുത്തിട്ടുണ്ടു് എന്നു പറഞ്ഞിരിക്കുന്നു. അതു് ഈ കൊച്ചീരാജ്യത്തിൽ എവിടേക്കെല്ലാമാണെന്നു അറിഞ്ഞാൽ കൊള്ളാം.

രാമവർമ്മതമ്പുരാൻ.—ഒട്ടാകെയാണു്.

Cloths, etc., to Depressed Class pupils.

117. മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റർ കെ. കെ. ജോസഫിനു് ഫാറം ൬-ലും, ഫാറം ൭-ലും വിദ്യാർത്ഥികൾക്കു് മുണ്ടു് സപ്ലൈ വകയിൽ എത്ര സംഖ്യ കൊടുത്തിട്ടുണ്ടു്. ഈ വകയിൽ കമ്മീഷൻ കൊടുക്കുന്ന സംഖ്യ എത്ര?

രാമവർമ്മതമ്പുരാൻ.—൪,൦൦൦ രൂ. കമ്മീഷൻ കൊടുക്കുന്നില്ല.

Mahajana Sabha—Depressed Classes.

118. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതരുടെ മഹാജന സഭയ്ക്കു് സംഘടന ഉണ്ടാക്കി കൊടുക്കുവാൻ ഗവർമ്മെണ്ടിനോടു അപേക്ഷിച്ചതിനു് അധഃകൃതരുടെ സംരക്ഷകൻ എന്തു മറുപടിയാണു് കൊടുത്തിട്ടുള്ളതു്; സംഘടനമൂലം ഒരു സമുദായത്തിനുണ്ടാകുവാനുള്ള ഗുണത്തെപ്പറ്റി സംരക്ഷകനു് വല്ലതും അറിയാമോ?

രാമവർമ്മതമ്പുരാൻ.—ധനസഹായമൊഴിച്ചു ബാക്കി എല്ലാ സഹായങ്ങളും ചെയ്യുവാൻ തയ്യാറാണെന്നാണു്. സംഘടനമൂലം ഒരു സമുദായത്തിനുണ്ടാകുന്ന ഗുണത്തെപ്പറ്റി ഗവർമ്മെണ്ടിനു് നല്ലപോലെ അറിയാം.

Hostel—Depressed Class students.

119. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കുവേണ്ടി തുടങ്ങുന്ന ഹോസ്റ്റലിൽ മാനേജരോ വാർഡനോ ആയി അധഃകൃതനെ നിയമിക്കുമോ?

രാമവർമ്മതമ്പുരാൻ.—പരീക്ഷയോഗ്യതയുള്ള അധഃകൃത അപേക്ഷകന്മാരുണ്ടെങ്കിൽ ഒഴിവു വരുമ്പോൾ നിയമിക്കുന്നതാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഉദ്യോഗത്തിനു് എന്തുപരീക്ഷായോഗ്യത വേണം?

രാമവർമ്മതമ്പുരാൻ.—പരീക്ഷ ഇന്നതുവേണമെന്നു തീച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. ആ ജോലി നോക്കത്തക്കവണ്ണം പരീക്ഷായോഗ്യതയുള്ള ആരാണെങ്കിലും ആ ആളെ നിയമിക്കും.

LIBRARY ARCHIVES Kerala Legislative Assembly